# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2375** — 19.03.2015-ൽ മറുപടിക്ക്

## ആശ വർക്കേഴ്സിന്റെ ചുമതലകൾ ഓണറേറിയം

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ. ടി. ജലീൽ :<br>ശ്രീമതി. കെ. എസ്. സലീഖ :<br>ശ്രീമതി. കെ. കെ. ലതിക :<br>ശ്രീ. ടി. വി. രാജേഷ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് അക്ടിവിസ്റ്റ് (ആശ)കളുടെ സേവനത്തെ കുറിച്ച് വിലയിരുത്താറുണ്ടോ ; അവരുടെ ചുമതലകൾ എന്തൊക്കെയാണ് ; | (എ) വിലയിരുത്താറുണ്ട്. ആശമാരുടെ പ്രവർത്തനങ്ങൾ സബ്സെന്റർ തലത്തിൽ എല്ലാ ആഴ്ചയിലും ജെ.പി.എച്ച്.എൻ-ന്റെ സാന്നിദ്ധ്യത്തിൽ നടത്തുന്ന പ്രതിവാര മീറ്റിംഗിൽ വിശദമായി വിലയിരുത്തുന്നുണ്ട്. കൂടാതെ പി.എച്ച്.സി. തലത്തിൽ മെഡിക്കൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. ജില്ലാ തലത്തിൽ നടക്കുന്ന പ്രതിമാസ കോൺഫറൻസിലും സംസ്ഥാന തലത്തിലെ പ്രതിമാസ റിവ്യൂ മീറ്റിംഗിലും ആശമാരുടെ പ്രവർത്തന റിപ്പോർട്ട് വിലയിരുത്താറുണ്ട്.<br>ആശപ്രവർത്തകരുടെ ചുമതലകൾ താഴെ പറയുന്നവയാണ്.<br>➢ സാമൂഹികബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക.<br>➢ ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ചുവടെ പറയുന്ന ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക.<br>* ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക.<br>* ഗർഭകാലശുശ്രൂഷയും, ടി.ടി, അയൺ ഫോളിക് ആസിഡ് എന്നിവയും ലഭ്യമാക്കുക.<br>* ജനനീസുരക്ഷാ യോജനയുടെ പ്രയോജനം ലഭ്യമാക്കുക.<br>* കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ ചികിത്സ തുടങ്ങിയവയിൽ സഹായിക്കുക.<br>➢ പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക. |

(....2)

- പകർച്ചവ്യാധി നിയന്ത്രണം, കൊതുക് നിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക.
- നവജാത ശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.
- നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്., ക്ഷയരോഗ മരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക.

(ബി) ആശ വർക്കേഴ്സ് നടത്തിയ സമരത്തെ തുടർന്ന് ആരോഗ്യവകുപ്പ് മന്ത്രി നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നു ; അവ പാലിക്കപ്പെട്ടോ ;

(ബി) ആശ വർക്കേഴ്സ് നടത്തിയ സമരത്തെ തുടർന്ന് ആരോഗ്യവകുപ്പ് മന്ത്രി നൽകിയ ഉറപ്പുകൾ താഴെ പറയുന്നവയാണ്.

1. സംസ്ഥാനത്തെ ആശമാരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ആശാ കോ-ഓർഡിനേറ്റർമാരെ നിയമിക്കുമെന്ന് ആരോഗ്യ മന്ത്രി അറിയിച്ചു.
2. ആശമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുമായും, ധനകാര്യമന്ത്രിയുമായും ചർച്ച ചെയ്ത് അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അറിയിച്ചു.
3. 2014-15 ലെ ഇൻസന്റീവ് ക്രിസ്തുമസിനു മുമ്പ് വിതരണം ചെയ്യും.
4. 2013-14 ലെ മൂന്ന് മാസത്തെ ഓണറേറിയവും 2014-15 ലെ ഓണറേറിയവും ഗവൺമെന്റിൽ നിന്ന് പണം ലഭിക്കുന്ന മുറയ്ക്ക് കാലതാമസം ഇല്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കും.
5. 2014-15 ലെ ആശ ഓണറേറിയം ഗവൺമെന്റ് ഉത്തരവ് പ്രകാരം ഓഗസ്റ്റ് മാസം വരെ 700 രൂപയും സെപ്തംബർ മുതൽ 900 രൂപയുമാണ്. 2014 ഏപ്രിൽ മുതൽ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ പ്രകാരം 1000 രൂപ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതിക്കായുള്ള നടപടികൾ സ്വീകരിക്കും. ഇപ്പോൾ അനുവദിച്ചിട്ടുള്ള 24.31 കോടി രൂപ ലഭിക്കുന്ന മുറയ്ക്ക് 700 / 900 രൂപ വച്ച് വിതരണം ചെയ്യുന്നതാണ്.

(.....3)

6. കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന അടുത്ത വർഷത്തെ പദ്ധതി രേഖയിൽ ഇൻസന്റീവ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടും.
7. പഞ്ചായത്തിൽ നിന്ന് ആശമാർക്ക് അഡീഷണൽ ഓണറേറിയം നൽകുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതിനും അത് അജണ്ടയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി പഞ്ചായത്ത് / മുനിസിപ്പൽ വകുപ്പ് മന്ത്രിമാരുടെ യോഗം വിളിക്കുന്നതിനും തീരുമാനിച്ചു.

ഇതിൽ താഴെ പറയുന്നവയാണ് നടപ്പിലാക്കിയത്.

1. എല്ലാ ജില്ലകളിലും ആശാ കോ-ഓർഡിനേറ്റർമാരെ നിയമിച്ചു.
2. 2014-15 ലെ ഇൻസന്റീവ് ക്രിസ്തുമസിനു മുമ്പ് വിതരണം ചെയ്തു.
3. 2013-14 ലെ 2 മാസത്തെ ഓണറേറിയം വിതരണം ചെയ്തു.
4. 2014-15 ലെ ആശ ഓണറേറിയം ഗവൺമെന്റ് ഉത്തരവ് പ്രകാരം ഓഗസ്റ്റ് മാസം വരെ 700 രൂപയും സെപ്തംബർ മുതൽ 900 രൂപയുമാണ്. 2014 ഏപ്രിൽ മുതൽ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ പ്രകാരം 1000 രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
5. 2015-16 പി.ഐ.പി. (പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ) യിൽ ആശമാർക്ക് പുതിയ ഇൻസന്റീവ് നൽകുന്നതിന് കേന്ദ്ര സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ ആകെ ഉള്ള പദ്ധതിയുടെ ഭാഗമായാണ് നൽകിയിട്ടുള്ളത്.

| | |
|---|---|
| (സി) ആശ വർക്കേഴ്സിന്റെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകാനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (സി) ആശ വർക്കേഴ്സിന്റെ ഓണറേറിയം നൽകുന്നത് സംസ്ഥാന സർക്കാരാണ്. |
| (ഡി) ഇവരുടെ സേവനം കണക്കിലെടുത്ത് ഓണറേറിയത്തിനു പകരം വേതനം നൽകുന്നതിനെ കുറിച്ച് സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ